**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 670** **28-01-2026 - ൽ മറുപടിയ്ക്ക്**

**പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ ലഭ്യത ഉറപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മതിയായ ഈറ്റ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പരമ്പരാഗത ഈറ്റ തൊഴിലാളികൾ പണിയെടുക്കുന്ന പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളിൽ ഈറ്റ ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഏതെല്ലാമെന്ന് അറിയിക്കുമോ? | (ബി) | 2024-25 വർഷത്തിൽ മലയാറ്റൂർ, റാന്നി/കോന്നി, വാഴച്ചാൽ എന്നീ ഡിവിഷനുകളിൽ നിന്നായി ആകെ 9538 മെട്രിക് ടൺ ഈറ്റ ശേഖരിക്കുന്നതിനായി അനുമതി നൽകുകയും 660.99 മെട്രിക് ടൺ (115 ലോഡ്) ഈറ്റ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കുട്ട/വട്ടി നെയ്യുന്ന തൊഴിലാളികൾക്കും പനമ്പ് നെയ്ത്തു തൊഴിലാളികൾക്കും കർഷകർക്കുമായി തിരുവനന്തപുരം ഭാഗത്തേക്ക് 20 ലോഡ് ഈറ്റയും പത്തനംതിട്ടയിലേയ്ക്ക് 26 ലോഡ് ഈറ്റയും അങ്കമാലി ഭാഗത്തേക്ക് 69 ലോഡ് ഈറ്റയും നൽകിയിട്ടുണ്ട്. 2025-26ൽ വാഴച്ചാൽ ഡിവിഷനിലും മാങ്കുളം ഡിവിഷനിലുമായി 1500 മെട്രിക് ടൺ ഈറ്റ അനുവദിച്ചിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനും വനം വകുപ്പും തമ്മിൽ അഞ്ചു വർഷം കൂടുമ്പോഴുള്ള കരാറിന്റെ അടിസ്ഥാന ത്തിലാണ് വനത്തിൽ നിന്നും ഈറ്റ ശേഖരിക്കുന്നത്. നിലവിലുള്ള കരാർ 31.10.2025 ന് അവസാനിച്ചിട്ടുള്ളതാണ്. കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ